# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4748 26/10/2016-ൽ മറുപടിയ്ക്ക്

### മദ്യക്കുപ്പികളിൽ പതിക്കുന്ന സുരക്ഷാ ഹോളോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി മദ്യക്കുപ്പികളിൽ പതിക്കുന്ന സുരക്ഷാ ഹോളോഗ്രാം നിർമ്മിക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ; | (എ) സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്). |
| (ബി) പ്രസ്തുത ഹോളോഗ്രാം നിർമ്മാണം സംബന്ധിച്ച് നിലവിലുള്ള രീതി എന്തെന്ന് അറിയിക്കുമോ; | (ബി) ആവശ്യമായ ഹോളോഗ്രാമിനുള്ള ഓർഡർ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നല്കുന്ന മുറയ്ക്ക് എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സി-ഡിറ്റ് ഹോളോഗ്രാം നിർമ്മിച്ച് ബിവറേജസ് കോർപ്പറേഷന് നൽകുന്നു. ഇതു സംബന്ധിച്ച് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനും, സി-ഡിറ്റും എക്സൈസ് കമ്മീഷണറും കാലാകാലങ്ങളിൽ Tripartiate agreement-ൽ ഒപ്പുവയ്ക്കാറുണ്ട്. |
| (സി) നിലവിൽ പൊതുമേഖലയിലാണോ സ്വകാര്യമേഖലയിലാണോ പ്രസ്തുത ഹോളാഗ്രാം നിർമ്മാണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) 'സി-ഡിറ്റ്' ' സർക്കാർ പൊതുമേഖല സ്ഥാപനമാണ്. |

സെക്ഷൻ ഓഫീസർ